# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2189

11.03.2020 ൽ മറുപടിയ്ക്ക്

## സൗരോർജത്തിൽ നിന്നും വൈദ്യുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി. ജെ. ജോസഫ്<br>ശ്രീ. സി. എഫ്. തോമസ് | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ. എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (എ) & (ബി) | കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി 'സൗര' പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും , 150 മെഗാവാട്ട് സോളാർ പാർക്കുകളും, 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പുരപ്പുറങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി **2.78** ലക്ഷം വൈദ്യുതി ഉപഭോക്താക്കൾ താല്പര്യം പ്രകടിപ്പിച്ച് 'സൗര' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളുടെയും കെട്ടിടങ്ങളിൽ സർവ്വേ നടത്തുകയും സൗര നിലയം സ്ഥാപിക്കുവാൻ ഏറ്റവും അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ പ്രാഥമികമായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ വേഗത്തിൽ പുരോഗമിക്കുകയും 2020 ൽ സൗര നിലയങ്ങൾ ഉപഭോക്താക്കളുടെ കെട്ടിടങ്ങളിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുകയുമാണ്. |
| (ബി) | വീടുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികളെ ക്കുറിച്ച് വിശദീകരിക്കാമോ; ഈ സ്ഥലങ്ങൾ ബോർഡ് പാട്ടത്തിനെടുത്ത് പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ; | | |
| (സി) | പ്രസ്തുത സോളാർ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായി ട്ടുണ്ടോ; സോളാർ എനർജി കോർപ്പറേഷൻ വൈദ്യുതിബോർഡുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ? | (സി) | കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ച സബ്സിഡി പദ്ധതി പ്രകാരം സംസ്ഥാനത്തിന് ആദ്യ ഘട്ടത്തിൽ ഗാർഹിക മേഖലയിൽ 50 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സബ്സിഡി നിശ്ചിത തോതിൽ ലഭിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്ക് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (SECI) യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ